(Pages : 4) **P – 1367**

Reg. No. : .............................

Name : .................................

# Second Semester B.Com. Degree Examination, September 2022

## First Degree Programme under CBCSS

## Language Course VI

## Additional Language II – Malayalam

## ML 1211.2 : സാഹിത്യപഠനം – II

## (2021 Admission)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. വിദ്യാവിനോദിനി മാസികയുടെ പത്രാധിപർ.

2. All that glitters is not gold - മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്യുക.

3. മലയാളത്തിലെ ആദ്യ കാവ്യമായി കരുതപ്പെടുന്നതേത്?

4. കുരുക്ഷേത്രം ആരുടെ കവിത?

5. ആദ്യ സൈബർ നോവൽ ഏത്? കർത്താവാര്?

6. മാധവിക്കുട്ടിയുടെ ആത്മകഥ.

7. 'വെള്ളപ്പൊക്കത്തിൽ' - ആരുടെ കഥ?

8. തിരുവിതാംകൂർ പാഠപുസ്തകക്കമ്മിറ്റിയുടെ ആദ്യ അദ്ധ്യക്ഷൻ?

P.T.O.

9. പ്രാചീന കവിത്രയം ആരെല്ലാം?

10. മലയാള കവിതാസാഹിത്യചരിത്രം എഴുതിയതാര്?

**(10 × 1 = 10 Marks)**

II. **അമ്പതു** വാക്കിൽ കവിയാതെ **എട്ടു** ചോദ്യത്തിനുത്തരമെഴുതുക.

11. 'പ്രചാരണ ചലച്ചിത്രം' - എന്ന ചലച്ചിത്രവിഭാഗം ഉണ്ടാവാനിടയായ സാഹചര്യം എന്ത്?

12. 'ഇപ്പോഴവർ കാത്തിരിക്കുന്നത് നിങ്ങളെയല്ല, മറ്റൊരാളെയാണ്' - സൂചിതമെന്ത്?

13. മലയാളത്തിൽ ചെറുകഥ, ഉപന്യാസം തുടങ്ങിയ സാഹിത്യരൂപങ്ങൾ ഉണ്ടാവാനിടയായ സാഹചര്യം വിവരിക്കുക.

14. 'അമ്മ വരണ്ട എനിക്കു കുറവാണ്' - മകൻ ഇങ്ങനെ പറയാൻ കാരണമെന്ത്?

15. കവിതാവിവർത്തനത്തിന്റെ പ്രശ്നങ്ങളെന്തെല്ലാം?

16. കണിക്കൊന്നപ്പൂ തന്നോടു തന്നെ നടത്തുന്ന ആത്മവിചാരം കവിയുടെയും വായനക്കാരന്റെയും സ്വത്വവിചാരമായി മാറുന്നതെങ്ങനെ?

17. മലയാളത്തിലെ ആദ്യകാല ചെറുകഥകളുടെ പ്രത്യേകതകൾ എന്തെല്ലാം?

18. വിവർത്തനം സംസ്കാരവിനിമയത്തിനു കാരണമാകുന്നുണ്ടോ?

19. മൂന്നും കണ്ടാൽ നാലെന്നു തോന്നുന്നതാണ് അത്ഭുതം - ആരുടെ വാക്കുകൾ? സന്ദർഭമെന്ത്?

20. സഞ്ജയന്റെ രുദ്രാക്ഷമാഹാത്മ്യം എന്ന ലേഖനത്തിന്റെ സമകാലികപ്രസക്തിയെന്ത്?

21. തോണിയാത്ര എന്ന കവിതയെക്കുറിച്ച് ചെറുകുറിപ്പ് തയ്യാറാക്കുക.

22. മനുഷ്യർക്കിടയിൽ നിലനിന്നിരുന്ന തുല്യതയുടെയും മേലാള-കീഴാള ഭേദമില്ലായ്മയുടെയും ചിഹ്നമായി ഈ പൊതുസ്ഥലത്തെ കണക്കാക്കാവുന്നതാണ് - ഏതു പൊതുസ്ഥലത്തെ ക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്? പ്രത്യേകതയെന്ത്?

23. വിവർത്തനം എന്നാലെന്ത്? ഉദാഹരണസഹിതം വിവരിക്കുക.

24. ഹാസ്യത്തിന്റെ മർമ്മം അധഃപതനമല്ലെന്ന് എം.പി. പോൾ സമർത്ഥിക്കുന്നതെങ്ങനെ?

25. ഉത്തരാധുനിക ചെറുകഥകളുടെ പ്രത്യേകതകൾ മറ്റൊരാൾ, മൈക്രോഗ്രീൻ എന്നീ കഥകളെ ആസ്പദമാക്കി വിവരിക്കുക.

26. താഴെ തന്നിരിക്കുന്ന ശൈലികൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക.

Warm welcome
From the bottom of one's heart
Dig one's own grave
Better half

**(8 × 2 = 16 Marks)**

III. **നൂറു** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിനുത്തരമെഴുതുക.

27. മലയാളസാഹിത്യത്തിന്റെ വളർച്ചയിൽ വിവർത്തനം വഹിച്ച പങ്കെന്ത്?

28. മഹാമാരി വിതച്ച ഭീകരത മൈക്രോഗ്രീൻ എന്ന കഥയിൽ എത്രമാത്രമെന്ന് കണ്ടെത്തുക.

29. യുദ്ധം സിനിമയുടെ മേഖലയിൽ ചെലുത്തിയ സ്വാധീനം എങ്ങനെയെല്ലാം? യുദ്ധവും സിനിമയും എന്ന ലേഖനം ആസ്പദമാക്കി വിവരിക്കുക.

30. നമ്മുടെ ഭക്ഷണരീതിയ്ക്കു മേൽ ആഗോളവിപണി കടന്നു കയറിയിരിക്കുന്നതിന്റെ വിപത്തുകൾ എന്തെല്ലാം?

31. ഉറ്റവരാൽ ഉപേക്ഷിക്കപ്പെടുന്ന വൃദ്ധരുടെ ദയനീയത മറ്റൊരാൾ എന്ന കൃതിയിലൂടെ വെളിവാകുന്നതെങ്ങനെ?

32. ഹാസ്യത്തിന്റെ ഉല്പത്തിക്കു കാരണമായി ബർഗ്സൺ ചൂണ്ടിക്കാണിക്കുന്നതെന്തെല്ലാം?

33. നവോത്ഥാനകാല കഥകളുടെ പ്രത്യേകതകൾ എന്തെല്ലാം?

34. മലയാള ഗദ്യത്തിന്റെ വികാസത്തിൽ പത്രമാസികകളും ആനുകാലികങ്ങളും വഹിച്ച പങ്കെന്ത്?

35. മാധവിക്കുട്ടിയുടെ കഥയുടെ സവിശേഷതകൾ കോലാട് എന്ന കഥയെ മുൻനിർത്തി ചർച്ച ചെയ്യുക.

36. ഒരു പുരുഷനും സ്ത്രീയും തമ്മിലുടലെടുക്കാവുന്ന ഹൃദ്യമായ ബന്ധം മരപ്പാവകൾ എന്ന കഥയിൽ വരച്ചുകാട്ടിയിരിക്കുന്നതെങ്ങനെ?

37. ദയാരഹിതരും മാനുഷിക പരിഗണനകൾ നല്കാത്തവരുമാണ് ഡൽഹി 1981 ലെ കഥാപാത്രങ്ങൾ - ശരിയോ? ചർച്ച ചെയ്യുക.

38. ആൺകോയ്മാ പ്രത്യയശാസ്ത്രം സ്ത്രീയെ അടിമപ്പെടുത്തിയതെങ്ങനെ? അടുക്കള തിരിച്ചു പിടിക്കുക എന്ന ലേഖനത്തെ ആസ്പദമാക്കി വിവരിക്കുക.

**(6 × 4 = 24 Marks)**

IV. **മുന്നൂറു** വാക്കിൽ കവിയാതെ **രണ്ടു** ചോദ്യത്തിനുത്തരമെഴുതുക.

39. 'സാക്ഷി' എന്ന കഥയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

40. പാരിസ്ഥിതിക അവബോധത്തിന്റെ ചരിത്രപശ്ചാത്തലം എന്ന ലേഖനത്തിലെ ആശയങ്ങൾ സംഗ്രഹിക്കുക.

41. ഉപന്യാസം എന്നാലെന്ത്? സവിശേഷതകൾ എന്തെല്ലാം?

42. കേരളത്തിന്റെ സാംസ്കാരിക മേഖലയിലുണ്ടായ മാറ്റങ്ങളെപ്പറ്റി ഒരു ഉപന്യാസം തയ്യാറാക്കുക.

43. 'നീരു കോരുക' എന്ന കവിത നല്കുന്ന ധ്വനിപാഠം എന്ത്? വിശദമാക്കുക.

44. ഇംഗ്ലീഷിലേയ്ക്ക് വിവർത്തനം ചെയ്യുക.

ആര്യന്മാർക്ക് മുമ്പ് ഇന്ത്യയിൽ ജീവിച്ചിരുന്ന വർഗ്ഗക്കാരിൽ വച്ച് ഏറ്റവും സംസ്കാരസമ്പന്നരായിരുന്നു ദ്രാവിഡന്മാർ. ആധുനിക ഇന്ത്യൻ സംസ്കാരത്തിന്റെ അസ്തിവാരമിട്ടത് ഇവരാണ്. ആര്യന്മാർ ഈ അസ്തിവാരത്തിന്മേലാണ് തങ്ങളുടെ സംസ്കാര സൗധം പടുത്തുയർത്തിയത്. ദ്രാവിഡ സംസ്കാരത്തിന്റെ ഒരു ഭാഗമായിരുന്നു സിന്ധുനദീതട സംസ്കാരം എന്ന് ചില പണ്ഡിതന്മാർ വിശ്വസിക്കുന്നു.

**(2 × 15 = 30 Marks)**